LIBRARY ARCHIVES Kerala Legislative Assembly

ടെക്നിക്കൽ ഹൈസ്കൂളുകളിലെ താല്ക്കാലിക ജീവനക്കാർ

101 (5176) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ താൽക്കാലിക ജീവനക്കാരായി എത്ര മലയാളം പാർട്ട് ടൈം അദ്ധ്യാപകർ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് നൽകിവരുന്ന ദിവസവേതനം വളരെ കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാർട്ട്ടൈം അദ്ധ്യാപകരുടെ ജോലി സമയം മുഴുവൻ സമയ അദ്ധ്യാപകരുടേതിന് തുല്യമായാൽ അവർക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളം നൽകണമെന്ന ചട്ടം നിലവിലുണ്ടോ ;

(ഡി) ടെക്നിക്കൽ ഹൈസ്കൂളുകളിലെ പാർട്ട്ടൈം അദ്ധ്യാപകർക്കും മുഴുവൻ സമയ അദ്ധ്യാപകരുടെ അടിസ്ഥാന ശമ്പളം വേതനമായി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ മലയാളം പാർട്ട്ടൈം അദ്ധ്യാപകരായി 39 താല്കാലിക ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ബി) 22-1-2015-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 128/15/ഉ.വി.വ പ്രകാരം ദിവസ വേതനം 500 രൂപ നിരക്കിൽ നൽകിവരുന്നു.

(സി) ചട്ടം നിലവിലില്ല.

(ഡി) തല്കാലം പരിഗണനയിലില്ല.

പോളിടെക്നിക്കുകളിൽ അനുവദിച്ച പുതിയ ബ്രാഞ്ചുകൾ

102 (5177) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം പോളിടെക്നിക്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ അനുവദിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ; അവ ഏതെല്ലാം ബ്രാഞ്ചുകളാണെന്നും ഏതെല്ലാം പോളിടെക്നിക്കുകൾക്കാണെന്നും അവയിൽ സർക്കാർ പോളിടെക്നിക്കുകളും എയ്ഡഡ് പോളിടെക്നിക്കുകളും ഏതെല്ലാമെന്നും പറയാമോ ;

(ബി) പുതിയ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് പാലിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ പോളിടെക്നിക്കുകൾക്ക് പുതിയ ബ്രാഞ്ചുകൾ അനുവദിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ബ്രാഞ്ചുകൾ പരിഗണിക്കാറുണ്ടോ ;

(ഡി) ഇത്തരം ആവശ്യങ്ങൾ പരിഗണിച്ച് സമർപ്പിക്കപ്പെട്ട പുതിയ ബ്രാഞ്ചുകൾക്കുള്ള അപേക്ഷകളിൽ ഏത്ര സ്ഥാപനങ്ങളുടെ അപേക്ഷകൾ ഇനിയും പരിഗണിക്കാതെയുണ്ടെന്നു വ്യക്തമാക്കാമോ ; ഇത്തരം ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ മുൻഗണനാക്രമം പാലിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് മേഖലയിൽ വിവിധ സ്ഥാപനങ്ങളിൽ പുതുതായി അനുവദിച്ച ബ്രാഞ്ചുകളും സീറ്റുകളും താഴെ പറയുന്നു:

വനിതാ പോളിടെക്നിക് കോളേജ്, കായംകുളം

കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് -60

ഗവ. പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ

ബയോ മെഡിക്കൽ എഞ്ചിനീയറിംഗ് - 60

ഗവ. പോളിടെക്നിക് കോളേജ്, പാല

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് - 60

ഗവ. പോളിടെക്നിക് കോളേജ്, പാലക്കാട്

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് - 60

ഗവ. പോളിടെക്നിക് കോളേജ്, ചേലക്കര

സിവിൽ-60

മെക്കാനിക്കൽ എഞ്ചിനീയറിംഗ്-60

(ബി) AICTE -യുടെ അംഗീകാരവും ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതയും പരിഗണിച്ചാണ് സാധാരണയായി പുതിയ ബ്രാഞ്ചുകൾ അനുവദിക്കുന്നത്.

(സി) ഉണ്ട്.

(ഡി) AICTE അംഗീകാരം ലഭിച്ച 3 അപേക്ഷകൾ അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പരിഗണിച്ചിട്ടില്ല. മുൻഗണനാക്രമം പാലിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly